പ്രാക്തന ഗോത്രവർഗ്ഗങ്ങളുടെ ക്ഷേമം

250 (4241) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാക്തന ഗോത്രവർഗ്ഗങ്ങളുടെ ക്ഷേമത്തിന് കേന്ദ്രസർക്കാർ അനുവദിച്ച ഫണ്ട് ഉപയോഗിച്ച് അട്ടപ്പാടിയിലെ ആരോഗ്യമേഖലയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഫണ്ട് ഉപയോഗിച്ച് മെഡിക്കൽ യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം രൂപീകരിച്ചു; ഓരോ യൂണിറ്റിന്റെയും ഉത്തരവാദിത്തവും ചുമതലയും വിശദമാക്കുമോ ;

(സി) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ യൂണിറ്റുകൾ നടത്തിയതെന്ന് വിശദമാക്കുമോ;

(ഡി) ഈ യൂണിറ്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അവലോകനയോഗങ്ങൾ നടത്തിയിട്ടുണ്ടോ; എത്ര യോഗങ്ങൾ നടത്തി; അവസാനം നടത്തിയ യോഗം എന്നായിരുന്നു; എന്തായിരുന്നു ആ യോഗത്തിന്റെ വിലയിരുത്തൽ; വ്യക്തമാക്കുമോ;

(ഇ) എത്ര രൂപ പ്രസ്തുത മെഡിക്കൽ യൂണിറ്റുകൾക്കായി ഇതുവരെ ചിലവഴിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പതിമൂന്നാം ധനകാര്യ കമ്മീഷന്റെ പ്രത്യേക അവാർഡായി ലഭിച്ച തുകയിൽനിന്നും അട്ടപ്പാടിയിലെ പ്രാക്തന ഗോത്ര വർഗ്ഗത്തിൽ കുറുംബ വിഭാഗത്തിൽപ്പെട്ടവരുടെ ആരോഗ്യ സംരക്ഷണത്തിനായി മാസംതോറും 25 കിലോ അരിയും വൻപയർ, ചെറുപയർ, കടല, വെളിച്ചെണ്ണ, പഞ്ചസാര എന്നീ ഭക്ഷ്യ സാധനങ്ങൾ വിതരണം ചെയ്യുവരുന്നു. കൂടാതെ, എച്ച്.എൽ.എൽ എഫ്.പി.പി.റ്റി. മുഖേന ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റ് കോളനി സന്ദർശിച്ച് ചികിത്സാ സൗകര്യവും ബോധവൽക്കരണവും നടത്തിവരുന്നുണ്ട്. വിദഗ്ദ്ധ ചികിത്സ ആവശ്യമുള്ളവരെ കണ്ടെത്തി തുടർ ചികിത്സയ്ക്ക് നടപടികൾ സ്വീകരിക്കുകയും ഹെൽത്ത് പ്രൊമോട്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്യുവരുന്നു.

(ബി) എച്ച്.എൽ.എൽ എഫ്.പി.പി.റ്റി. മുഖേന ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. ടി മെഡിക്കൽ യൂണിറ്റ് മണ്ണാർക്കാട് ബ്ലോക്കിലെ 3 പഞ്ചായത്തുകളിലും അട്ടപ്പാടി പുതൂർ പഞ്ചായത്തിലും പ്രവർത്തിച്ചുവരുന്നു. ടി മൊബൈൽ മെഡിക്കൽ യൂണിറ്റ് കോളനി സന്ദർശിച്ച് ചികിത്സ ആവശ്യമുള്ളവരെ കണ്ടെത്തി തുടർ ചികിത്സ ലഭ്യമാക്കുന്നതിനും മറ്റ് നടപടികൾ സ്വീകരിച്ചുവരുന്നു

LIBRARY ARCHIVES Kerala Legislative Assembly

(സി) കോളനികൾ സന്ദർശിച്ച് ചികിത്സ ആവശ്യമുള്ളവർക്ക് ചികിത്സയും മരുന്നും ആവശ്യാനുസരണം ലഭ്യമാക്കുന്നതിനും ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്. മൊബൈൽ മെഡിക്കൽ യൂണിറ്റ് ആരംഭിച്ച 10/13 മുതൽ എല്ലാ മാസവും ടി യൂണിറ്റിന്റെ പ്രവർത്തനത്തെക്കുറിച്ച് അവലോകനയോഗം നടത്തുന്നുണ്ട്. അവസാന യോഗം 7-10-2014-ന് നടന്നു. വിദഗ്ദ്ധ ചികിത്സ ആവശ്യമുള്ളതായി കണ്ടെത്തിയ മൂന്നുപേർക്ക് ചികിത്സ ലഭ്യമാക്കുന്നതിനും ഗർഭിണികളുടെയും കുട്ടികളുടെയും ആരോഗ്യ പ്രശ്നങ്ങളിൽ കൂടുതൽ ശ്രദ്ധിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) 10/13 മുതൽ ആരംഭിച്ച ടി മെഡിക്കൽ യൂണിറ്റ് 10/14 വരെ 1,75,00,000 രൂപ ചെലവഴിച്ചു.

കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾ

251 (4242) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗവികസന വകുപ്പിന്റെ കീഴിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾ ആരംഭിച്ചത് എന്നാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ ;

(സി) പൂർത്തീകരിക്കാത്ത പദ്ധതികളുടെ പഞ്ചായത്തുതല വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷം രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി പ്രകാരവും പി.വി.റ്റി.ജി. പദ്ധതി പ്രകാരവും ടി.ആർ.ഡി.എം. മുഖേനയും കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. ടി പദ്ധതികളെ സംബന്ധിക്കുന്ന വിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) രാജീവ് ഗാന്ധി കുടിവെള്ള പദ്ധതികളും പി.വി.റ്റി.ജി. പദ്ധതികളും ടി.ആർ.ഡി.എം പദ്ധതികളും ആരംഭിച്ചത് 2013-14 സാമ്പത്തിക വർഷത്തിലാണ്. ടി പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധം I*- ആയി ചേർത്തിരിക്കുന്നു.

(സി) വിശദാംശം അനുബന്ധം II*-ആയി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly